**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2531** | **12-10-2021 - ൽ മറുപടിയ്ക്ക്**

**പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **Shri. K. Krishnankutty (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി ഉപഭോഗവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുവാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാർ 19.08.2021-ൽ പ്രസിദ്ധികരിച്ച ഗസറ്റ് പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകി യിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)-ൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി ആവിഷ്കരിച്ച് ആയതിനുള്ള ആക്ഷൻ പ്ലാൻ, തയ്യാറാക്കിയതിനു ശേഷം സർക്കാർ തലത്തിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ സംവിധാനം മുഖേന വൈദ്യുതി പ്രസരണ നഷ്ടം എത്രകണ്ട് കുറയ്ക്കാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഈ സംവിധാനം വരുന്നതോടെ നിലവിലുള്ള രീതികൾക്ക് എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തുന്നതിലൂടെ നിലവിലുള്ള മീറ്റർ റീഡിങ്ങ് ഓൺലൈൻ ആയി ലഭിക്കുന്നതിനാൽ നേരിട്ട് പോയി മീറ്ററിൽ നിന്നും റീഡിങ്ങ് ഏടുക്കേണ്ട ആവശ്യകത ഒഴിവാകുന്നു. |
| (സി) | കെ.എസ്.ഇ.ബി.യ്ക്ക് ഇതുമൂലം എത്ര വൈദ്യുതി ലാഭിക്കാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ